# ഡ്യൂപ്ലിക്കേറ്റ്/ട്രിപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് – ഓൺലൈൻ അപേക്ഷാ സമർപ്പണം എങ്ങനെ?

**മുന്നൊരുക്കങ്ങൾ:**

ഓൺലൈൻ അപേക്ഷാ സമർപ്പണത്തിനു മുമ്പായി ചുവടെ ചേർക്കുന്ന രേഖകളുടെ **100 KB** യിൽ താഴെ വലിപ്പമുള്ള **PDF** ഫോർമാറ്റിലുള്ള ഫയലുകളുടെ സ്കാൻ ചെയ്ത കോപ്പികൾ ഉണ്ടാകണം.

1. പത്താം ക്ലാസ് ആദ്യ ചാൻസ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂൾ മേധാവിയുടെ നിർദ്ദിഷ്ഠ മാതൃകയിലുള്ള സാക്ഷ്യപത്രം.
2. പത്ര പരസ്യത്തെ സംബന്ധിച്ച് നിർദ്ദിഷ്ഠ മാതൃകയിൽ പത്താം ക്ലാസ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂൾ മേധാവി നൽകുന്ന സാക്ഷ്യപത്രം.
3. ഒന്നാം ക്ലാസ് ജ്യുഡീഷ്യൽ മജിസ്ട്രേറ്റിന്റെ സാക്ഷ്യപത്രം.
4. ഓൺലൈനായി ഫീസ് ഒടുക്കുന്നതിനായി **Debit/Credit Card** /ഇ–ട്രഷറി പേയ്മെന്റ് നടത്തുന്നതിനുള്ള മറ്റ് മാർഗ്ഗങ്ങൾ അപേക്ഷകൻ കൈക്കൊള്ളേണ്ടതാണ്.

**അപേക്ഷാ സമർപ്പണരീതി**

1. പരീക്ഷ, **No. of chance**, വർഷം, മാസം, രജിസ്റ്റർ നമ്പർ എന്നീ വിവരങ്ങൾ കൊടുത്ത് **Application View** ബട്ടണിൽ **click** ചെയ്യുക.

   അപേക്ഷകന്റെ വിവരങ്ങൾ
2. തുടർന്ന് വരുന്ന പേജിൽ അപേക്ഷകന്റെ പേര്, മേൽവിലാസം, ലിംഗം, രക്ഷകർത്താവിന്റെ പേര്, ജനനതീയതി, മൊബൈൽ നമ്പർ, ആധാർ നമ്പർ (ഉണ്ടെങ്കിൽ) രേഖപ്പെടുത്തുക.
3. പരീക്ഷാ വിവരങ്ങൾ

   വിദ്യാഭ്യാസ കേന്ദ്രം, സ്കൂളിന്റെ പേര് ഇവ സെലക്ട് ചെയ്യുക. തുടർന്ന് **Name of Examination, Register Number, Year of Examination, Month of Examination** ഇവ ശരിയാണോയെന്ന് നോക്കുക. ഒന്നിലധികം **chance** ലെ

സർട്ടിഫിക്കറ്റുകൾ ആവശ്യമുണ്ടെങ്കിൽ പരീക്ഷ എഴുതിയ എല്ലാ വർഷത്തിന്റെയും **Register Number, Year, Month** എന്നിവ കൊടുക്കുക.

4. **Duplicate Certificate** അപേക്ഷിക്കാനുള്ള കാരണം

   ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് കേടുപാട് സംഭവിച്ചതാണോ നഷ്ടപ്പെട്ടതാണോ എന്ന് സെലക്ട് ചെയ്യുക. ഡ്യൂപ്ലിക്കേറ്റ് ആണോ ട്രിപ്ലിക്കേറ്റ് ആണോ എന്ന് രേഖപ്പെടുത്തുക. സർട്ടിഫിക്കറ്റ് **cancel** ചെയ്തിട്ടുണ്ടെങ്കിൽ **Cancel Certificate Order Number** കൊടുക്കുക.

5. സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടത് ആണെങ്കിൽ പത്രപ്പരസ്യം ചെയ്ത തീയതി, പത്രത്തിന്റെ പേര്, മജിസ്ട്രേറ്റിന്റെ സാക്ഷ്യപത്രത്തിന്റെ തീയതി, നമ്പർ എന്നിവ രേഖപ്പെടുത്തുക.

6. സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടതാണെങ്കിൽ മജിസ്ട്രേറ്റിന്റെ സാക്ഷ്യപത്രം, പത്രപ്പരസ്യം, സ്കൂൾ മേധാവിയുടെ സാക്ഷ്യപത്രം എന്നിവ **Upload** ചെയ്യുക. എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയതിനുശേഷം **View details click** ചെയ്യുക. അപ്പോൾ കൊടുത്ത വിവരങ്ങൾ ഒന്നുകൂടെ ദൃശ്യമാകും. ശരിയാണെങ്കിൽ **Save button click** ചെയ്ത് **Payment** നടത്തുക. **Payment Complete** ചെയ്തു കഴിഞ്ഞാൽ **Duplicate Certificate** ഓൺലൈൻ അപേക്ഷയുടെ **Printout Download** ചെയ്യാനുള്ള സൗകര്യം ലഭിക്കുന്നതാണ്.

7. ഓൺലൈൻ അപേക്ഷാ സമർപ്പണത്തിന് ശേഷം അപേക്ഷയുടെ പ്രിന്റൗട്ടും, ഡാമേജ് കേസുകളിൽ സർട്ടിഫിക്കറ്റിന്റെ ഒറിജിനലും പരീക്ഷാ സെക്രട്ടറിക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിനായി താഴെ പറയുന്ന വിലാസത്തിൽ അയച്ച് നൽകേണ്ടതാണ്.

   പരീക്ഷാ സെക്രട്ടറി,
   പരീക്ഷാ ഭവൻ,
   പൂജപ്പുര.പി.ഒ.
   തിരുവനന്തപുരം – 695 012.

8. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ടോക്കൺ നമ്പർ ഉപയോഗിച്ച് പരീക്ഷാ ഭവന്റെ ഔദ്യോഗിവെബ്സൈറ്റായ **https://pareekshabhavan.kerala.gov.in** എന്നതിലൂടെ ഫയൽ നമ്പറും ഫയലിന്റെ സ്ഥിതിയും അറിയാവുന്നതാണ്.

| STATEMENT SHOWING THE PARTICUALRS OF EDUCATIONAL INSTITUTIONS LAST ATTENDED IN STD X<br>(പത്താംക്ലാസ് പഠനം നടത്തിയ സ്കൂളിന്റെ വിശദാംശങ്ങൾ) | | | | | | |
|---|---|---|---|---|---|---|
| *Sl. No.* | *Name of School with full postal address including Revenue District and PIN* | *Name of Educational District in which the school is located* | *Admission No.* | *Date of admission* | *Standard to which admitted* | *Remarks if any* |
| (1) | (2) | (3) | (4) | (5) | (6) | (7) |
| | | | | | | |

## Certificate

Certified that the details furnished by the candidate have been verified with school records and found correct. Hence I recommend for Duplicate/Triplicate.....

**Place** (സ്ഥലം) (പ്രഥമാദ്ധ്യാപകന്റെ പേര്, ഒപ്പ്)

**Date** (തീയതി) **Office Seal** **Name & signature of Headmaster/Headmistress**

## പത്രപ്പരസ്യം സംബന്ധിച്ച് പത്താംക്ലാസ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂൾ മേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രം

.....വർഷം .....മാസം .....രജിസ്റ്റർനമ്പർ പ്രകാരം.....പരീക്ഷ എഴുതിയ ശ്രീ./ശ്രീമതി.....അഡ്രസ്സ്.....

.....ഡ്യൂപ്ലിക്കേറ്റ്/ട്രിപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി .....എന്ന ദിനപത്രത്തിൽ .....തീയതി..... പേജിൽ നൽകിയ പത്രപ്പരസ്യം പ്രസ്തുത പത്രം നേരിട്ട് കണ്ട് ബോധ്യപ്പെടുകയും പത്രപ്പരസ്യത്തിന്റെ പ്രസക്ത ഭാഗം ചുവടെ ചേർത്തിരിക്കുന്നുവെന്നും സാക്ഷ്യപ്പെടുത്തുന്നു.

*സ്ഥലം:*
*തീയതി:*

*സ്കൂൾ സീൽ*

*സ്കൂൾ മേധാവിയുടെ തീയതിയോടുകൂടിയ ഒപ്പും ഔദ്യോഗിക മേൽ വിലാസവും*